## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 614 — 09/07/2014-ൽ മറുപടിക്ക്

### ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമി ആറളം ഫാമിംഗ് കോർപ്പറേഷന് കൈമാറുമ്പോൾ ഉണ്ടാക്കിയ ധാരണ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കെ. നാരായണൻ :<br>ശ്രീ. ഇ.പി. ജയരാജൻ :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമിയിൽ പകുതി ആറളം ഫാമിംഗ് കോർപ്പറേഷന് കൈമാറുമ്പോൾ ഉണ്ടാക്കിയ ധാരണകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ | പുനരധിവസിപ്പിക്കപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ മുഖ്യ സേവനദാതാവായി പ്രവർത്തിക്കുന്നതിനു വേണ്ടിയാണ് ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആറളത്തെ ഭൂമിയുടെ പകുതി ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് എന്ന കമ്പനിയുടെ പേരിൽ നിലനിർത്തുവാൻ തീരുമാനിച്ചത്. മറ്റു പ്രധാന ലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി | ധാരണയനുസരിച്ച് ആദിവാസികൾക്ക് ജോലി നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ഇല്ല. ആദിവാസികളായ 363 പേരെ കാഷ്വൽ തൊഴിലാളികളായും, 3 പേരെ കാഷ്വൽ ഡ്രൈവർമാരായും നിയമിച്ചിട്ടുണ്ട്. |
| സി | നിലവിലുള്ള ജോലിക്കാരിൽ എത്ര പേർ ആദിവാസി വിഭാഗത്തിലുള്ളവരാണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | സി | ഉണ്ട്. നിലവിലുള്ള ജീവനക്കാരിൽ ഒരു സ്ഥിരം ജീവനക്കാരനും, 9 സ്ഥിരം തൊഴിലാളികളും 363 കാഷ്വൽ തൊഴിലാളികളും, 3 കാഷ്വൽ ഡ്രൈവർമാരും, ഒരു കരാർ ജീവനക്കാരിയും ആദിവാസി വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. |
| ഡി | ഫാമിൽ നിന്നുള്ള വരുമാനത്തിന്റെയും മറ്റും കണക്കെടുപ്പ് ശരിയായ രീതിയിൽ നടത്താറുണ്ടോ; ഏറ്റവും ഒടുവിലത്തെ വരവു ചെലവ് കണക്കുകൾ വിശദമാക്കാമോ; | ഡി | ഉണ്ട്. 2013-14 വർഷത്തെ ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് ആകെ വരവ് 10,80,93,890/- രൂപയും, ചെലവ് 10,36,01,299/- രൂപയുമാണ്. |
| ഇ | ഫാമിലെ കശുവണ്ടി സംഭരണം ഇപ്പോൾ ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്; കാപ്പെക്സ് കശുവണ്ടി ശേഖരിച്ചിരുന്ന കാലത്തേക്കാൾ വളരെ ചെറിയ ശതമാനം മാത്രമെ ഇപ്പോൾ ശേഖരിക്കുന്നുള്ളൂ എന്നതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ? | ഇ | ഫാമിലെ കശുവണ്ടി സംഭരണം ആരെയും ഏൽപ്പിച്ചിട്ടില്ല. പാകമായ കശുവണ്ടി ഫാം തന്നെ നേരിട്ട് സംഭരിച്ച് നിലവിലുള്ള നിയമപ്രകാരം ഫാമിലെ നിബന്ധനകൾക്ക് വിധേയമായി ദർഘാസ്/ലേല പ്രകാരം വിൽപ്പന നടത്തുന്നു. ഇക്കാര്യത്തിൽ മറ്റു തരത്തിലുള്ള ആക്ഷേപങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**The main objectives of Aralam Farming corporation are:**

1. To run the farm and to develop the infrastructure and other facilities to improve the standard of living of the Adivasis to be rehabilitated in half of the farm and provide them with labour and other means of livelihood.
2. To set up and run agricultural farms for the production primarily of seeds of food grains, fiber crops, plantation crops, oilseeds, vegetables and fruits as well as study of these crops on such lands as may be acquired or transferred from Government of a Kerala or any other mode.
3. To set up poultry, sheep, pig and other cattle breeding farms either as independent units or as part of agricultural farms.
4. To undertake development, reclamation and improvement of lands required for or under the farms belonging to the Company.
5. To undertake development, reclamation and improvement of land belonging to Government / Private parties on payment of the full cost of these operations.
6. To carry on all or any of the business of farmers, producers, processors, exporters, packers and importers of agricultural produce of all kinds including dairy, poultry, garden and horticulture produce.
7. To carry on the business of keepers, breeders, importers, exporters and traders of poultry and cattle of all kinds.
8. To give on hire machinery belonging to the Company to State and Central Governments, Co-operative Societies and Private individuals.
9. To function as seed-men, nurserymen and to buy, sell and trade in any goods associated with the activities of the company.
10. To set up institutes for imparting training in agricultural operations agricultural implements and machinery and other operations related to the farm and for conducting welfare measures.
11. To promote tourism activities with special emphasis on farm Tourism, Tribal Arts and Culture.

സെക്ഷൻ ഓഫീസർ